"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നോർക്ക വകുപ്പ് - നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം ഫണ്ട് പിൻവലിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നോർക്ക (എ) വകുപ്പ്**

സ.ഉ.(സാധാ) നം.589/2024/NORKA തീയതി,തിരുവനന്തപുരം, 25-07-2024

പരാമർശം:-
1. സ.ഉ.(സാധാ) നം.469/2024/NORKA, തീയതി 27-06-2024.
2. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 02-07-2024 ലെ Roots/1343/2023/DR&SD1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകിയ പ്രവാസി സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി നിർദ്ധനരായ പ്രവാസികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനായി വിദേശ മലയാളികളായ നോർക്ക റൂട്ട്സ് ഡയറക്ടർമാരും നോർക്ക വകുപ്പും ചേർന്ന് രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി.

2. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2230-01-103-93 (പ്ലാൻ) എന്ന ശീർഷകത്തിൽ ₹30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും പരാമർശം (1) പ്രകാരം പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ₹30,00,000/- അനുവദിച്ച് നൽകണം എന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷത്തിലെ നടത്തിപ്പിനായി 2230-01-103-93(പ്ലാൻ) എന്ന ശീർഷകത്തിൽ ആകെ വകയിരുത്തിയിട്ടുള്ള ₹30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ പേരിൽ അനുവദിച്ചുകൊണ്ടും ടി തുക 010167D061 എന്ന ഡി.ഡി.ഒ. കോഡ് വഴി പിൻവലിക്കുന്നതിന് ഡി.ഡി.ഒ. ആയ ഫിനാൻസ് & അക്കൗണ്ട്സ് മാനേജർക്ക് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

4. ഫണ്ട് പിൻവലിക്കുന്നതിന് നിലവിലുള്ള എല്ലാ വ്യവസ്ഥകളും നിബന്ധനകളും കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിന്ധു എസ്

അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, നോർക്ക റൂട്ട്സ്, തിരുവനന്തപുരം.
ഫിനാൻസ് & അക്കൗണ്ട്സ് മാനേജർ, നോർക്ക റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ധനകാര്യ (വ്യയം-ബി) വകുപ്പ്.
നോർക്ക (ബി) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/136/2024/നോർക്ക).

ഉത്തരവിൻ പ്രകാരം

Signed by
Roopa. S. Thampi
Date: 25-07-2024 16:39:37

സെക്ഷൻ ഓഫീസർ